(സി) ആശ്വാസ കിരണം പദ്ധതിയിൽ ഏത് വർഷംവരെ ലഭിച്ച അപേക്ഷകളിന്മേലാണ് നാളിതുവരെ തീർപ്പ് കൽപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2018 മാർച്ച് മാസം വരെ.

(ഡി) അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

അപേക്ഷകളുടെ എണ്ണം വർഷം തോറും ക്രമാതീതമായി വർദ്ധിക്കുന്നതും അതിന് ആനുപാതികമായി ഫണ്ട് ലഭ്യമല്ലാത്തതിനാലുമാണ് അപേക്ഷകളിൽ തീർപ്പ് കല്പിക്കാൻ പ്രയാസമുണ്ടാകുന്നത്.

മലപ്പുറം ജില്ലയിലെ ആശ്വാസ കിരണം പദ്ധതി ധനസഹായം

199 (1184) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷനുകീഴിൽ നടപ്പിലാക്കിവരുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള ധനസഹായം കഴിഞ്ഞ പതിനെട്ട് മാസമായി മലപ്പുറം ജില്ലയിൽ വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരാലംബരായ രോഗികൾ കഷ്ടത അനുഭവിക്കുന്നതിനാൽ കുടിശ്ശിക തുക വിതരണംചെയ്യാൻ സത്വര നടപടി സ്വീകരിക്കുമോ;

&

(സി) ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പുതിയ അപേക്ഷകളിൽ എന്നത്തേയ്ക്ക് തീർപ്പുകൽപ്പിക്കാനും സഹായം നൽകാനും സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ആശ്വാസകിരണം പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ നിലവിലുള്ള ഗുണഭോക്താക്കൾക്ക് 2020 ഫെബ്രുവരി വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വളരെ വർദ്ധിച്ചുവരുന്നതിനാൽ തുക ലഭ്യമാകുന്ന മുറയ്ക്ക് പുതിയ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly